**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4764** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന കടൽ മണൽഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ കടൽത്തീരങ്ങളിൽ മണൽഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനം മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതിനെക്കുറിച്ച് സർക്കാരോ മറ്റ് സർക്കാർ ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ? | (എ) | കേരളാ സർവകലാശാല ഒരു പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്.<br><br>2025 ജനുവരി 19 ന് ഒറീസ്സയിലെ ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിൽ മണൽ ഖനന വിഷയം ചർച്ചയ്ക്ക് വരികയും കേന്ദ്ര ഖനി സെക്രട്ടറിയായ ശ്രീ. കാന്തറാവു ഐ. എ. എസ്. ടി വിഷയത്തിൽ കേരളത്തിന് ഉത്കണ്ഠയുള്ളതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിംഗ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതായി അറിയുന്നു. |

സെക്ഷൻ ഓഫീസർ